# പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2969 — 18.06.2018 -ൽ മറുപടിയ്ക്ക്

## ഗൃഹശ്രീ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, രാജു എബ്രഹാം<br>,, പി.കെ. ശശി<br>,, കെ.കുഞ്ഞിരാമൻ : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആവിഷ്കരിച്ച പ്രധാന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ ടി പദ്ധതിയിലൂടെ 36 ഫ്ലാറ്റുകൾ കൂടി നിർമ്മിക്കുന്നതിന് ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്.<br><br>ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ കണ്ണൂർ ജില്ലയിൽ പട്ടുവത്തും കോഴിക്കോട് ജില്ലയിൽ മുക്കത്തും 48 ഫ്ലാറ്റുകൾ വീതമുള്ള ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിന് ഗൃഹശ്രീ ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി) സ്വന്തമായി രണ്ടോ, മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |

| | | | |
|---|---|---|---|
| | | | മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി 2017-18 വരെ 10465 ലക്ഷം രൂപവകയിരുത്തിയതിൽ 6446 ലക്ഷം രൂപ ബോർഡിനു നൽകിയിട്ടുണ്ട്. ടി തുകയിൽ നിന്നും 5298 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഇന്നൊവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയിലൂടെ തിരുവനന്തപുരം നഗരത്തിൽ 88 ഫ്ലാറ്റുകളും എറണാകുളത്ത് 36 ഫ്ലാറ്റുകളും തൃശ്ശൂരിൽ 72 ഫ്ലാറ്റുകളും കോഴിക്കോട് 40 ഫ്ലാറ്റുകളും (ആകെ 236 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ